**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1317 — 03/12/2018-ൽ മറുപടിയ്ക്ക്

# പൊതുവിദ്യാലയങ്ങളിൽ ഹരിത ചട്ടം

ചോദ്യം — ഉത്തരം

**ശ്രീമതി.പി. അയിഷാ പോറ്റി** — പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പൊതുവിദ്യാലയങ്ങളിൽ ഹരിത ചട്ടം നടപ്പാക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും ഇവ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചു വരുന്ന തുടർ നടപടികളും വിശദമാക്കുമോ; | (എ) ഹരിതചട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കേരള സംസ്ഥാന ശുചിത്വമിഷനും നൽകുന്ന നിർദ്ദേശങ്ങൾ എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ ഓഫീസുകളിലും കർശനമായി നടപ്പിലാക്കുവാനും, വിദ്യാഭ്യാസ ഓഫീസുകളിലും വിദ്യാലയങ്ങളിലും സംഘടിപ്പിക്കുന്ന പരിപാടികളിൽ ഹരിതചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിശിഷ്യാ ഹൈസ്കൂൾ,ഹയർ സെക്കന്ററി തലത്തിൽ ആവശ്യമായ ശുചിമുറികൾ സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) സംസ്ഥാനത്തെ ഹൈസ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പൂർണ്ണസജ്ജമായ ശുചിമുറികളുടെ അഭാവം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പ്രളയത്തിൽ തകർന്ന സ്കൂളുകളിലെ ശുചിമുറികൾ പുനർനിർമ്മിക്കുന്നതിന് കേരള സംസ്ഥാന ശുചിത്വമിഷനുമായി ചേർന്ന് മേൽനടപടികൾ സ്വീകരിച്ചു വരുന്നു.<br>എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പൂർണ്ണസജ്ജമായ ശുചിമുറികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Reena
സെക്ഷൻ ഓഫീസർ